(സി) സ്ഥലംമാറ്റം എഞ്ചിനീയർമാരുടെ ആവശ്യപ്രകാരവും പ്രൊമോഷൻ, റിട്ടയർമെന്റ് ഒഴിവുകൾ നികത്തുന്നതിനായും ഭരണപരമായ സൗകര്യങ്ങൾക്കും വേണ്ടിയാണ് നടത്തുന്നത്.

88 (1632) ഭവനരഹിതർക്ക് വീട് നൽകാൻ നടപടി

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വീടില്ലാത്തവർക്ക് വീട് ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇവ നടപ്പാക്കുന്നത് ഏതെല്ലാം ഏജൻസികൾ വഴിയാണെന്ന് വെളിപ്പെടുത്തുമോ;

(സി) ദുർബല വിഭാഗത്തിൽപ്പെട്ടവർക്ക് ഇതുവഴി എത്ര രൂപയുടെ സാമ്പത്തികസഹായമാണ് നൽകിവരുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വീടില്ലാത്തവർക്ക് വീട് ലഭിക്കുന്നതിനുവേണ്ടി സർക്കാർ വിവിധ ഏജൻസികൾ മുഖാന്തിരം താഴെപ്പറയുന്ന ഭവന നിർമ്മാണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

1. മൈത്രീ ഭവനനിർമ്മാണ പദ്ധതി.
2. താഴ്ന്ന വരുമാനക്കാർക്കുള്ള ഭവന നിർമ്മാണ പദ്ധതി.
3. ഇടത്തരം വരുമാനക്കാർക്കുള്ള ഭവന നിർമ്മാണ പദ്ധതി.
4. ഉയർന്ന വരുമാനക്കാർക്കുള്ള ഭവന നിർമ്മാണ പദ്ധതി.
5. ഭവന നിർമ്മാണ ബോർഡിന്റെ പൊതുഭവന നിർമ്മാണ പദ്ധതി.
6. പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കുള്ള ഭവന നിർമ്മാണ പദ്ധതി.
7. മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കായുള്ള ഭവന നിർമ്മാണ പദ്ധതി.
8. ഭവന പുനരുദ്ധാരണ പദ്ധതി.

ഇതിനുപുറമേ ഭവന നിർമ്മാണ രംഗത്തെ പ്രമുഖ ഏജൻസിയായ സംസ്ഥാന ഭവന നിർമ്മാണ ബോർഡ് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. വിവിധ വരുമാനക്കാർക്കുള്ള വായ്പാ പദ്ധതികൾ.
2. പ്ലാന്റേഷൻ കോർപ്പറേഷൻ, ബാംബൂ കോർപ്പറേഷൻ, ഖാദി വ്യവസായബോർഡ്, തൊഴിലാളികൾക്കുള്ള ഭവന നിർമ്മാണ പദ്ധതി.
3. വിദേശ മലയാളികൾക്കുള്ള ഹൗസിംഗ് കോളനി.
4. പത്രപ്രവർത്തകർ, എം.എൽ.എ., എം.പി. തുടങ്ങിയവർക്കുള്ള ഭവന പദ്ധതികൾ.

LIBRARY ARCHIVES Kerala Legislative Assembly

5. വാടകവീട് പദ്ധതി.
6. വർക്കിംഗ് വിമെൻ/സിംഗിൾ വിമെൻ ഹൗസിംഗ് സ്കീം.
7. ജൂബിലി ഭവന പദ്ധതി.
8. സമ്പൂർണ്ണ പാർപ്പിട പദ്ധതി.
9. ദുരിതാശ്വാസ പദ്ധതി.
10. സ്വാതന്ത്ര്യ സമര സേനാനികൾക്കുള്ള പദ്ധതി.
11. ഭൂമി ഇല്ലാത്തവർക്ക് ഭൂമി നൽകുന്ന പദ്ധതി.
12. വൃദ്ധജനങ്ങൾക്കുള്ള ശാന്തിഭവൻ.
13. മോഡൽ വില്ലേജ്/ടൂറിസം കോട്ടേജ് തുടങ്ങിയവ.
14. ഉപഗ്രഹ നഗര പദ്ധതി.

(ബി) 1. സംസ്ഥാന ഭവന നിർമ്മാണ ബോർഡ്
2. പട്ടികജാതി വികസന വകുപ്പ്
3. പട്ടികവർഗ്ഗ വികസന വകുപ്പ്
4. പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ
5. ഫിഷറീസ് വകുപ്പ്
6. ഗ്രാമവികസന വകുപ്പ്
7. ഹൗസിംഗ് ഫെഡറേഷൻ
8. തദ്ദേശ ഭരണ വകുപ്പ്
9. തദ്ദേശ ഭരണ സ്ഥാപനങ്ങൾ
10. വ്യവസായ വകുപ്പ്
11. ബാങ്കുകൾ
12. അഗ്രികൾച്ചറൽ ആന്റ് റൂറൽ ഡവലപ്പ്മെന്റ് ബാങ്ക്
13. എച്ച്.ഡി.എഫ്.സി., എൽ.ഐ.സി., ജി,ഐ.സി., കാൻഫിൻ ഹോംസ്, ഇൻഡ് ബാങ്ക് തുടങ്ങിയ ഏജൻസികൾ.

(സി) പട്ടികവർഗ്ഗക്കാർക്കുവേണ്ടി പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും വീട് നിർമ്മിക്കുന്നതിനായി സാധാരണ സ്ഥലങ്ങളിൽ 35,000/- രൂപയും ദുർഘട പ്രദേശങ്ങളിൽ 42,000/- രൂപയും ഗ്രാന്റായി അനുവദിക്കുന്നു. പലിശരഹിത വായ്പയായി 20,000/- രൂപയും അനുവദിക്കുന്നുണ്ട്. ഇവ കൂടാതെ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡുമായി സഹകരിച്ച് സുവർണ്ണ ജൂബിലി സമ്പൂർണ്ണ പാർപ്പിട പദ്ധതി എന്ന പദ്ധതി നടപ്പാക്കിവരുന്നു. ഇതിനുള്ള വാർഷിക വരുമാന പരിധി 18,000/- രൂപയാണ്.

പട്ടികജാതിക്കാർക്ക്

1.	സംയോജിത ഭവന നിർമ്മാണ ഗ്രാന്റ്	-	35,000 രൂപ
2.	തീവ്ര സാങ്കേതിക വികസന പദ്ധതി	-	35,000 രൂപ
3.	ഭൂരഹിത ഭവനരഹിത പുനരധിവാസ പദ്ധതി	-	50,000 രൂപ
4.	ഏറ്റവും പിന്നോക്കം നിൽക്കുന്ന പട്ടികജാതി വിഭാഗങ്ങളുടെ പുനരധിവാസ പദ്ധതി	-	60,000 രൂപ
5.	പലിശരഹിത ഭവന നിർമ്മാണ വായ്പ	-	50,000 രൂപ

LIBRARY ARCHIVES Kerala Legislative Assembly